കസന ബോർഡിന്റെ സാമ്പത്തികസഹായം ഇതിനു ലഭ്യമാക്കുവാനും ശ്രമിക്കുന്നുണ്ട്.

(ജി) ഇക്കാര്യത്തിനുവേണ്ടി കൃഷി വകുപ്പുമന്ത്രി ചെയർമാനും കാർഷികോൽപ്പാദന കമ്മീഷണർ കൺവീനറുമായി നാളികേരവികസന കൗൺസിൽ രൂപീകരിച്ച്ഉത്തരവായിട്ടുണ്ട്. ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും ഈ കൗൺസിലിൽ മതിയായ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. വിശദമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ കൗൺസിലിന്റെ ആസൂത്രണം ഈ മാസം 22ന് ചേരുന്നുണ്ട്.

വിൽപ്പനനികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

23 (*83)ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിൽപ്പനനികുതി വെട്ടിപ്പ് തടയുന്നതിന് നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) 1999-2000 വർഷത്തിൽ എന്തു തുക വിൽപ്പനനികുതി ഇനത്തിൽ പിരിച്ചെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ എന്തുതുക പിരിച്ചെടുക്കാൻ സാധിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിൽപ്പനനികുതി വെട്ടിപ്പു കണ്ടുപിടിക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനും വിൽപ്പന നികുതി ഇന്റലിജൻസ് വിഭാഗം മിന്നൽ പരിശോധനകൾ നടത്താറുണ്ടോ;

(എഫ്) എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള പരിശോധനകൾ എവിടെയെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് കൂടുതൽ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തുന്നതിനും അനന്തരനടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(എച്ച്) വിൽപ്പനനികുതി ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന തുക യഥാസമയം സർക്കാരിലേയ്ക്ക് അടയ്ക്കാൻ മടികാണിക്കുന്ന വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) നികുതിവെട്ടിപ്പുകൾ തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം സംസ്ഥാനത്തുടനീളം വ്യാപാര സ്ഥാപനങ്ങൾ, വാഹനങ്ങൾ, ഗോഡൗണുകൾ, പാർസൽ ആഫീസുകൾ തുടങ്ങിയവ പരിശോധന നടത്തി വരുന്നു. സംസ്ഥാനാന്തര ചരക്കുനീക്കം നിരീക്ഷിച്ച് നികുതി വെട്ടിപ്പുതടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന അതിർത്തി ചെക്ക് പോസ്റ്റുകളും ഇന്റേണൽ ചെക്ക്പോസ്റ്റുകളും പ്രവർത്തിച്ചുവരുന്നു.

(2) മാസാന്ത്യ റിട്ടേണുകൾ പരിശോധിച്ച് ടാക്സബിൾ ടേണോവറിൻമേൽ അടയ്ക്കാൻ ബാദ്ധ്യസ്ഥമായ നികുതി അടച്ചിട്ടുണ്ടോ എന്നു പരിശോധിക്കുന്നു.

(3) യഥാസമയം അസസ്മെന്റുകൾ പൂർത്തിയാക്കുകയും കുടിശ്ശികയ്ക്ക് നോട്ടീസുകൾ അയയ്ക്കുകയും ചെയ്യുന്നു.

(4) തപാൽമാർഗ്ഗവും നേരിട്ടും കുടിശ്ശിക നോട്ടീസുകൾ നടത്തുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നികുതി പിരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(5) കുടിശ്ശികക്കാരെ നേരിട്ടു കണ്ട് തുക പിരിച്ചെടുക്കുന്നു.

(6) കുടിശ്ശിക നോട്ടീസുകൾ അയച്ചിട്ടും അടയ്ക്കാത്തവരുടെ മേൽ റവന്യൂ റിക്കവറി, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ നടപടികൾക്ക് ശുപാർശ ചെയ്യുന്നു. കൂടാതെ സർക്കാർ തലത്തിൽ വിൽപ്പന നികുതി ഉദ്യോഗസ്ഥരുടെയും, റവന്യൂ ഉദ്യോഗസ്ഥൻമാരുടെയും യോഗം വിളിച്ചുകൂട്ടി റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി വിലയിരുത്തി, ആയത് ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്നതിനു വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെയും, കമ്മീഷണർ, സെയിൽടാക്സ്, ലാന്റ് റവന്യൂ, എക്സൈസ് എന്നിവരുടെയും മീറ്റിംഗ് സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ വിളിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുപ്രകാരം 3850 കോടി രൂപ.

(ഡി) 3875.50 കോടി രൂപ

(ഇ)&(എഫ്) ഉണ്ട്. ഇന്റലിജൻസ് വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തൊക്കെ 3584 കടകൾ പരിശോധിക്കുകയും 7376.84 ലക്ഷം രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ജി) ഇതിനകം നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(എച്ച്)വിൽപ്പനനികുതി നിയമം 45എ 46 മുതലായ വകുപ്പുകൾ പ്രകാരം ഇത്തരം വ്യാപാരികൾക്കെതിരേ അടയ്ക്കാത്ത തുകയുടെ ഇരട്ടിവരെ പിഴ ചുമത്താനും, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. അർഹമായ കേസ്സുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly